(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2009 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം 2008-09 സാമ്പത്തിക വർഷം ഇൻഡ്യാ ഗവൺമെന്റ് സംസ്ഥാന നിർവ്വഹണ ഏജൻസികൾക്ക് നേരിട്ട് കൈമാറ്റം ചെയ്ത തുക 913.47 കോടി രൂപയാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ഈ ഫണ്ടുകൾ സംസ്ഥാന ബഡ്ജറ്റിലൂടെയോ ട്രഷറി സംവിധാനത്തിലൂടെയോ വിനിയോഗിക്കപ്പെടുന്നവയല്ല. അതിനാൽ യഥാർത്ഥ ചെലവിന്റെ വിവരം ശേഖരിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. ഈ പദ്ധതികൾക്കായി ചെലവായ തുകയെ സംബന്ധിച്ച കണക്കുകൾ ഓരോ നിർവ്വഹണ ഏജൻസികളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ചാൽ മാത്രമേ മൊത്തത്തിൽ ചെലവായ തുക കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

(എഫ്) പ്രായോഗിക സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

129 (5834) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ മോണിറ്റർ ചെയ്യുന്നതിനായി ധനകാര്യ വകുപ്പിൽ പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സെൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) വിവിധ വകുപ്പുകളിലെ ഫാറങ്ങളുടെ വിലയും ഈടാക്കുന്ന ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ഡി) വയൽ നികത്തൽ റഗുലറൈസ് ചെയ്ത ഇനത്തിൽ എന്തു തുകയുടെ അധിക വരുമാനം ഉണ്ടായിട്ടുണ്ട് ;

(ഇ) സാധാരണക്കാരെ നേരിട്ടു ബാധിക്കാത്ത ഇനങ്ങളിൽ മാത്രം വർദ്ധനവ് വരുത്താൻ ശ്രദ്ധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-8-2006-ലെ മന്ത്രിസഭാ തീരുമാനപ്രകാരം വിവിധ വകുപ്പുകളുടെ ധനാഗമമാർഗ്ഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രൊപ്പോസലുകൾ സ്വീകരിക്കുകയും അതിൽ പ്രായോഗികമായവ നടപ്പിലാക്കുകയും ചെയ്തുവരുന്നു. ഫീസ്/സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

ചാർജ്ജ് എന്നിവയുടെ വർദ്ധനവ് സംബന്ധിച്ച് ധന വകുപ്പ് പരിശോധിച്ച് അംഗീകാരത്തിനായി നൽകുകയും അതിന്റെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. 1-12-2008-ലെ ജി.ഒ.(പി) നമ്പർ 540/2008/ധന. പ്രകാരം ടെൻഡർ ഫോമുകളുടെ വില വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1-3-2010-ലെ സർക്കാർ ഉത്തരവ് സാധാ. നമ്പർ 133/2010/സി.എ.ഡി. പ്രകാരം മ്യൂസിയങ്ങളിലും മറ്റു പുരാവസ്തുവകുപ്പിന് കീഴിലുള്ള കൊട്ടാരം തുടങ്ങിയവയിലും മൊബൈൽ ഫോൺ ക്യാമറ ഉപയോഗിക്കുന്നതിനുള്ള ഫീസ് നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഫീസ്/ചാർജ്ജുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഈ സെൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ പരിഗണനയിലാണ്.

(സി) സ്റ്റാൻഡേർഡൈസ്ഡ് ഫോറങ്ങളുടേയും രജിസ്റ്ററുകളുടേയും വില 1996-ാം ആണ്ടിനുശേഷം വർദ്ധിപ്പിച്ചിട്ടുല്ല. വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള ഫീസുകൾ പരിഷ്കരിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ പരിഗണനയിലാണ്.

(ഡി) വയൽ നികത്തൽ റഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് അന്തിമ രൂപമായിട്ടില്ല. അതിനാൽ പ്രസ്തുത ഇനത്തിൽ അധിക വരുമാനം ഉണ്ടായിട്ടില്ല.

(ഇ) സാധാരണക്കാരെ സാരമായി ബാധിക്കാത്ത വിധത്തിൽ ഫീസുകളും ചാർജ്ജുകളും പരിഷ്കരിക്കുന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്.

അധിക വിഭവ സമാഹരണം

130 (5835) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡാമുകളിലെ മണൽ വില്പന ഉൾപ്പെടെയുള്ള അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും എത്ര വരുമാനമുണ്ടായി എന്ന് ഇനവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

ഉത്തരം

2008-09 സാമ്പത്തിക വർഷം വിൽപന നികുതി, വാറ്റ് എന്നിവയിൽ 1 ശതമാനം സെസ്സ് ഏർപ്പെടുത്തിയതിലൂടെ 95.10 കോടി രൂപയും റീട്ടെയിൽ വ്യാപാര ശൃംഖലകൾക്ക് ഏർപ്പെടുത്തിയ 10 ശതമാനം സർചാർജ്ജിലൂടെ 2.90 കോടി രൂപയും ഇൻപുട്ട് ടാക്സ് റീഫണ്ടിന്മേൽ പരിധി നിശ്ചയിച്ചതിലൂടെ 48.62 കോടി രൂപയും വർക്ക് കോൺട്രാക്ടുകളുടെ കോംപൗണ്ടിംഗ് വ്യവസ്ഥകൾ ലഘൂകരിച്ചതിലൂടെ 9.71 കോടി രൂപയും വാണിജ്യ നികുതി വകുപ്പിന്റെ ആംനസ്റ്റി സ്കീമിലൂടെ 120.37 കോടി രൂപയും കേരളാ പേപ്പർ ലോട്ടറി നികുതി നിയമത്തിന്റെ ഭേദഗതിയിലൂടെ 27.21 കോടി രൂപയും ആശുപത്രി മുറികളിന്മേലുള്ള ആഡംബര നികുതിയിൽ ഭേദഗതിവഴി 1.04 കോടി രൂപയും അധികം

LIBRARY ARCHIVES Kerala Legislative Assembly